ഉത്തരം

(എ&ബി) വാടപ്പൊഴി പാലത്തിന്റെ നിർമ്മാണം 25 ശതമാനം പൂർത്തിയായിട്ടുണ്ട്.

സർഫസ് റിന്യൂവൽ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയ റോഡുകൾ

228 (1956) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ മരാമത്ത് റോഡുകളാണ് സർഫസ് റിന്യൂവൽ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിലെ മുത്താറിപ്പീടിക-ചെറുവാഞ്ചേരി റോഡ്, പെരിങ്ങത്തൂർ-മുക്കിൽപ്പീടിക റോഡ്, പുക്കോം-മാടപ്പീടിക റോഡ്, കക്കറ-കുരാറ-മാക്കുൽപ്പീടിക റോഡ്, കല്ലിക്കണ്ടി -തുവ്വക്കുന്ന് റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010-2011 വർഷത്തിൽ കണ്ണൂർ ജില്ലയിൽ സർഫസ് റിന്യൂവൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾ എല്ലാം തന്നെ വിവിധ ഘട്ടങ്ങളിലാണ്.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലിക്കണ്ടി-തൂവക്കുന്ന് റോഡ്, വിഷൻ 2010 സ്ക്കീമിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. പുക്കോം-മാടപ്പീടിക റോഡ് കി.മീ. 5/000 മുതൽ 5/675 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി, അപ്ഗ്രേഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി (14 ലക്ഷം രൂപ), ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പെരിങ്ങത്തൂർ മുക്കിൽപ്പീടിക റോഡ് കി.മീ. 0/000 മുതൽ 2/512, കക്കാറ-കൂറാറ-മാക്കൂൽ പീടിക റോഡ് കി.മീ. 0/000 മുതൽ 5/480 വരെ, പൂക്കോം-മാടപ്പീടിക റോഡ് കി.മീ. 0/000 മുതൽ 3/100 വരെ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തി കൾക്കുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇവയ്ക്ക് ഭരണാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കക്കറ-കുരാറ-മാക്കുൽപ്പീടിക റോഡ്, മുത്താറിപ്പീടിക-ചെറുവാഞ്ചേരി റോഡ്, എന്നിവയുടെ ഉപരിതലം പുതുക്കുന്നതിനായി യഥാക്രമം 30 ലക്ഷം രൂപയുടെയും 60 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി പരിശോധിച്ചുവരുന്നു.

പാത്തിക്കൽ, കക്കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

229 (1957) ശ്രീ. എം. വി. ശ്രേയാംസ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പറ്റ മണ്ഡലത്തിൽ കോട്ടത്തറ പഞ്ചായത്തിലെ പാത്തിക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ;

(ബി) എങ്കിൽ പണി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തു തടസ്സമാണുള്ളതെന്ന് അറിയിക്കുമോ ;

(ഡി) പടിഞ്ഞാറത്തറ-വെള്ളമുണ്ട പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കക്കടവുപാലത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പണി ആരംഭിക്കുന്നതിന് എന്തു സാങ്കേതിക പ്രശ്നമാണുള്ളതെന്ന് വിശദമാക്കുമോ ;

(എഫ്) നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി ഈ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തടസ്സമില്ല. ഡിസൈൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) പണി ആരംഭിക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 8-2-11-ലെ സർക്കാർ ഉത്തരവ് പ്രകാരം 380 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(എഫ്) ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly